**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3756 15-12-2014-ൽ മറുപടിയ്ക്ക്

**പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കുമരുന്നും കഞ്ചാവും വില്പന തടയാൻ നടപടി**

ചോദ്യം: ഉത്തരം:

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കുമരുന്നും കഞ്ചാവും വില്പന തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതു സ്ഥലങ്ങളിലും, സ്കൂൾ കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും കഞ്ചാവും മയക്കുമരുന്നും വില്പന നടത്തുന്നത് തടയുവാനും കണ്ടു പിടിക്കുവാനും ശക്തമായ രഹസ്യ നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തി വരുന്നുണ്ട്. കഞ്ചാവിൻെറയും മയക്കുമരുന്നുകളുടെയും വില്പനയ്ക്കെതിരെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ച് റെയ്ഡുകൾ നടത്തി വരുന്നതോടൊപ്പം ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽനിന്നും മയക്കുമരുന്ന് വില്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിൻെറ വിതരണവും വില്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ നാർക്കോട്ടിക് വിഭാഗം നടത്തുന്ന തുടർ | (ബി) | കഞ്ചാവും മയക്കുമരുന്നും വില്പന സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ ടി |

| | | | |
|---|---|---|---|
| | നടപടികൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | | വിവരം രജിസ്റ്റർ ചെയ്ത് ഉടൻതന്നെ പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടാൽ നിയമാനുസരണം കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ ഫോൺ മുഖേനയും അല്ലാതെയും എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ശ്രീകാര്യത്തു നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) | തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ 57 പരാതികൾ ലഭിക്കുകയും വിശദമായ പരിശോധനകൾ നടത്തി 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീകാര്യത്തു നിന്നും പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ